

റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത്

ബജറ്റ് 2026-27

റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത്
ഭരണസമിതിയുടെ 06/03/2026 തീയതിയിലെ 1(1)
നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചത്

റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത്

വാർഷിക ബജറ്റ് 2026-27

ബഹുമാനപ്പെട്ട പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ പ്രിയപ്പെട്ട സഹപ്രവർത്തകരായ മെമ്പർമാർ, സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥർ, പെരുനാടിന്റെ പ്രിയപ്പെട്ട ജനങ്ങളെ.

പമ്പയുടെ ഓളങ്ങൾ തഴുകുന്ന, പ്രകൃതിയുടെ പച്ചപ്പും കഠിനാധ്വാനികളായ മനുഷ്യരും നിറഞ്ഞ നമ്മുടെ പെരുനാടിനെ നാളെയുടെ വികസനമാതൃകയാക്കി മാറ്റുക എന്ന വലിയ സ്വപ്നവുമായാണ് ഈ ബജറ്റ് ഞാൻ അവതരിപ്പിക്കുന്നത്. വികസനം എന്നത് കേവലം കെട്ടിടങ്ങളുടെ നിർമ്മാണമല്ല, മറിച്ച് ഓരോ സാധാരണക്കാരന്റെയും കണ്ണീരൊപ്പുന്നതും അവന്റെ ജീവിതനിലവാരം ഉയർത്തുന്നതുമാകണം. ഈ സന്ദർഭത്തിൽ പണ്ട് കേട്ട ഒരു കൊച്ചു കഥ ഞാൻ ഓർക്കുകയാണ്.

ഒരിടത്ത് സമുദ്രതീരത്ത് ആയിരക്കണക്കിന് നക്ഷത്ര മത്സ്യങ്ങൾ അടിഞ്ഞുകൂടി. വേലിയേറ്റം കഴിഞ്ഞതോടെ അവ മണലിൽ കുടുങ്ങി വെയിലേറ്റു മരിക്കാൻ തുടങ്ങി. അപ്പോൾ ഒരു കൊച്ചുബാലൻ ഓരോ നക്ഷത്രമത്സ്യത്തെയായി എടുത്ത് കടലിലേക്ക് എറിഞ്ഞുകൊണ്ടിരുന്നു. വഴിപോക്കനായ ഒരാൾ ചോദിച്ചു: "ഇവിടെ പതിനായിരക്കണക്കിന് മത്സ്യങ്ങളുണ്ട്, നീ ഇതിൽ കുറച്ചെണ്ണത്തിനെ രക്ഷിച്ചത് കൊണ്ട് എന്ത് മാറ്റമാണ് വരാൻ പോകുന്നത്?"

ആ ബാലൻ തന്റെ കയ്യിലിരുന്ന നക്ഷത്രമത്സ്യത്തെ കടലിലേക്ക് എറിഞ്ഞിട്ട് പറഞ്ഞു: "ഈ ഒരെണ്ണത്തിന്റെ ജീവിതത്തിൽ വലിയ മാറ്റം വന്നു കഴിഞ്ഞു." നമ്മുടെ ഈ ഭരണസമിതിയും ലക്ഷ്യമിടുന്നത് ഇതാണ്. ഓരോ വ്യക്തിയുടെയും

ഓരോ കുടുംബത്തിന്റെയും ജീവിതത്തിൽ മാറ്റം കൊണ്ടുവരുന്ന ഒരു 'ജനകീയ വിപ്ലവം'.

പ്രിയ സുഹൃത്തുക്കളെ ഈ ഭരണ സമിതിയുടെ ഒന്നാമത്തെ ബജറ്റാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണെന്ന് പ്രഖ്യാപിച്ച മഹാത്മാവിന്റെ സ്വപ്നങ്ങൾ തദ്ദേശസ്ഥാപനങ്ങളുടെ വളർച്ചയ്ക്കും വികാസത്തിനും വളരെയധികം സഹായം നൽകിയിട്ടുണ്ട്. ഗ്രാമ സ്വരാജ് എന്ന ഫിലോസഫിയിൽ ആ പുണ്യാത്മാവ് ഉറച്ചു വിശ്വസിച്ചു. സ്വയം പര്യാപ്തമായ ഗ്രാമങ്ങൾ കെട്ടിപ്പടുക്കുന്നതിന് പ്രാദേശിക സർക്കാരുകളുടെ പുനരുജ്ജീവനം അനിവാര്യമാണെന്നും അദ്ദേഹം ശഠിച്ചു.

ഇപ്പോഴത്തെ ഭരണ സമിതി അധികാരത്തിൽ വന്ന ശേഷം അവതരിപ്പിക്കുന്ന കന്നി ബജറ്റാണെങ്കിലും കഴിഞ്ഞ ഭരണസമിതി നടപ്പാക്കിയ വികസന പദ്ധതികളുടെ തുടർച്ചയാണ് 2026-27 ലെ ബജറ്റ് . ദീർഘവീക്ഷണത്തോടെ ഈ ഭരണ സമിതി വരും വർഷങ്ങളിലെ പെരുനാടിന്റെ സമഗ്ര വികസന ലക്ഷ്യങ്ങൾ കൂടി മുന്നിൽ കണ്ടുള്ള ബജറ്റാണിവിടെ അവതരിപ്പിക്കുന്നത്.

ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതികൾ പ്രകാരം പഞ്ചായത്തുകൾക്ക് നിരവധി ചുമതലകൾ കൈമാറിയിട്ടുണ്ട്. കേരള പഞ്ചായത്ത് ആക്ട് നിയമ പ്രകാരം തന്നെ 27 അനിവാര്യ ചുമതലകൾ പഞ്ചായത്തുകൾക്ക് വഹിക്കാനുണ്ട്.

സുഹൃത്തുക്കളെ,

അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് രണ്ടു കോടി ഇരുപത്തിയെട്ട് ലക്ഷത്തി എൺപത്തി ഓരായിരത്തി തൊള്ളായിരത്തി ഒന്ന് രൂപ മുന്നിരിപ്പും നാല്പത്തിയാറ് കോടി നാല്പത്തി ഒൻപത് ലക്ഷത്തി മൂവായിരം രൂപ വരുമാനവും രണ്ടു കോടി എൺപത്തി മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി തൊള്ളായിരത്തി ഒന്ന് രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബജറ്റാണ് ഞാൻ ഇവിടെ നിങ്ങൾക്ക് മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്. ബജറ്റ് സംഗ്രഹം ചുവടെ ചേർക്കുന്നു.

റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത്– 2026–27 ബജറ്റ്–സംഗ്രഹം		
ക്രമ നമ്പർ	ഇനം	തുക
1	**മുൻ ബാക്കി**	**22881901**
2	**നികുതി വരുമാനം**	
	വസ്തുനികുതി	8500000
	തൊഴിൽനികുതി	3000000
	മറ്റുനികുതികൾ	3000000
	ആകെ നികുതി വരവ്	**14500000**

റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് 2026-27 ബജറ്റ്-സംഗ്രഹം		
ക്രമ നമ്പർ	ഇനം	തുക
3.	**നികുതി ഇതര വരവ്**	
	Rental Income	1500000
	ഫീസ് & യൂസർ ചാർജ്ജ്	6090000
	SALE & Hire charges	10700000
	നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ	500000
	ആകെ നികുതി ഇതര വരവ്	18790000
4.	ആകെ റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ	132491000
	ആകെ റവന്യൂ വരവ്	165781000
5.	**പദ്ധതി വരവുകൾ**	
	വികസന ഫണ്ട് (ജനറൽ)	36169000
	വികസന ഫണ്ട് (SCP)	8201000
	വികസന ഫണ്ട് (TSP)	3789000
	വികസന ഫണ്ട് CFC – Basic)	6000000
	വികസന ഫണ്ട് CFC – Tied)	7500000
	മെയിന്റനൻസ് ഗ്രാന്റ്(റോഡ്)	29453000
	മെയിന്റനൻസ് ഗ്രാന്റ്(നോൺ-റോഡ്)	6740000

	വികസന ഫണ്ട് (സ്പെഷ്യൽ ഗ്രാൻറ്)	3900000
	ആകെ പദ്ധതി വരവുകൾ	**101752000**

6.	MGNREGS ഫണ്ട്	37500000
7.	മറ്റ് പദ്ധതി ഇതര വരവുകൾ	159870000
	ആകെ മൂലധന വരവുകൾ	**299122000**
	ആകെ വരവുകൾ	**464903000**
8.	**ആകെ വരവുകളും പ്രാരംഭ ബാക്കിയും**	**487784901**
9.	**ചെലവുകൾ**	
	എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ	22225000
	അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ	8065000
	ഓപ്പറേഷൻ & മെയിന്റനൻസ് ചെലവുകൾ	2700000
	Programme Expenses	37800000
	മറ്റ് അനിവാര്യ ചെലവുകൾ	81100000
	ആകെ റവന്യു ചെലവുകൾ	**151890000**
10	MGNREGS ചെലവുകൾ	37500000
11	**ആകെ പദ്ധതി ചെലവുകൾ**	**270000000**
	ആകെ ചെലവുകൾ	**459390000**
	നീക്കിബാക്കി	**28394901**

പഞ്ചായത്തിന്റെ പ്രധാന വരുമാന ശ്രോതസായ വസ്തുനികുതി വരുമാനം 100 ശതമാനം ലക്ഷ്യം പൂർത്തിയാക്കാൻ കഴിയാതെ വരികയാണ്. എന്നാൽ അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ 2026-27വർഷത്തെ വസ്തുനികുതി 100 ശതമാനവും പിരിച്ചെടുക്കാനുള്ള വഴികൾ തേടുന്നതും ഒപ്പം നമ്മുടെ പഞ്ചായത്ത് പെർമിറ്റ് ഇല്ലാതെ നിർമ്മിച്ചിട്ടുള്ള വീടുകളും കെട്ടിടങ്ങളും

നിയമാനുസൃതം അളന്ന് തിട്ടപ്പെടുത്തി ആയത് ക്രമീകരണം നടത്തിക്കുകയും അതിലൂടെ പതിനഞ്ച് ലക്ഷത്തിലധികം രൂപയുടെ അധികവരുമാനവും ലക്ഷ്യമിടുകയാണ്.

വളരെയധികം സാമ്പത്തിക ഭദ്രതയുള്ള ഒരു പഞ്ചായത്താണ് ഇതെന്ന് അവകാശപ്പെടാൻ കഴിയില്ലെങ്കിലും പരിമിതമായ വിഭവങ്ങൾ പരമാവധി ഉപയോഗപെടുത്തുന്നതിൽ ഈ ഭരണ സമിതി ഒന്നാടങ്കം അക്ഷീണം യത്നിക്കുമെന്ന് ഇതിനാൽ ഉറപ്പുനൽകുന്നു. പൊതുജന സേവനത്തിനായി കാര്യക്ഷമമായ ഫ്രണ്ട് ഓഫീസ് സംവിധാനവും സൗകര്യപ്രദമായി പൊതു ജനനങ്ങൾക്ക് ഇരിപ്പിട സൗകര്യവും നേരത്തെ തന്നെ നമ്മുടെ പഞ്ചായത്ത് ഒരുക്കിയിട്ടുണ്ട്. പഞ്ചായത്ത് മുൻ ഭരണസമിതിയുടെയും ജീവനക്കാരുടെയും മികവുറ്റ പ്രവർത്തന ഫലമായി നമുക്ക് കഴിഞ്ഞ വർഷങ്ങളിൽ ഐ.എസ്.ഒ അംഗീകാരം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷവും ഇത് സംബന്ധിച്ച പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.

പഞ്ചായത്തിന്റെ എല്ലാ പ്രവർത്തനങ്ങളും സുതാര്യവും സുഗമവുമാക്കുന്നതിനായി തയ്യാറാക്കിയ കെ. സ്മാർട്ട് സോഫ്ട് വെയർ സംവിധാനം വഴിയായി 2025-26 വർഷം മുതൽ നമ്മുടെ പഞ്ചായത്ത് പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ സംവിധാനം പൊതുജനങ്ങൾക്ക് സേവനലഭ്യത ത്വരിതപ്പെടുത്താനും ജീവനക്കാർക്ക് കൂടുതൽ യൂസർ ഫ്രണ്ട്ലിയാക്കാനും കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതികളിൽ ഒന്നായ നവകേരള കർമ്മപദ്ധതി 2 ന്റെ ഭാഗമായി ശുചിത്വ മാലിന്യ , സംസ്കരണ, ജലസംരക്ഷണ , കാർഷിക മേഖലകളിൽ റാന്നി

പെരുനാട് പഞ്ചായത്ത് സ്വന്തം വ്യക്തിമുദ്ര സ്ഥാപിച്ചിരുന്നു. ഈ പദ്ധതിയിലൂടെ ഹരിത കേരള മിഷന്റെ ഭാഗമായി സുന്ദര പെരുനാട് എന്ന പേരിൽ നമ്മൾ നടത്തിയ പദ്ധതി സംസ്ഥാന തലത്തിൽ പോലും അംഗീകാരം നേടിയിരുന്നു.

നവകേരള പദ്ധതിയുടെ ഭാഗമായ ആർദ്രം പദ്ധതിയിലൂടെയും നമുക്ക് ബഹുദൂരം സഞ്ചരിക്കാൻ കഴിഞ്ഞു. നാഷണൽ ഹെൽത്ത് മിഷൻ മുഖേന ബഹു. റാന്നി എം.എൽ എ നമുക്ക് നേടി തന്ന 2.42 കോടി രൂപയുടെ നിർമാണ പ്രവർത്തികൾ കുടുംബാരോഗ്യ കേന്ദ്രത്തിനായി പുരോഗമിച്ചു വരികയാണ്. മാമ്പാറയിലുള്ള ആരോഗ്യ ഉപകേന്ദ്രത്തിനും അദ്ദേഹം നൽകിയ 55 ലക്ഷം രൂപയുടെ നിർമാണ പ്രവർത്തികൾ നടന്നു വരുന്നു.

അതുപോലെ ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്തിട്ടുള്ള "ഏകാരോഗ്യം "പദ്ധതിയുടെ ഭാഗമായി നമ്മുടെ അലോപ്പതി, ആയൂർവേദ, ഹോമിയോ ആശുപത്രിയും ആരോഗ്യ സംരക്ഷണ രംഗത്ത് പുത്തൻ കാൽവെയ്പ്പുകൾ നടത്തി കൊണ്ടിരിക്കുകയാണ്. രോഗങ്ങൾ മുൻകൂട്ടി അറിയുന്നതിനും ഫലപ്രദമായി ഇടപെടാനും കഴിയുന്ന ഏകാരോഗ്യം പദ്ധതി ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് നടപ്പാക്കുന്നതിലൂടെ അത് നമ്മുടെ ആരോഗ്യ രംഗത്ത് ഒരു മുതൽക്കൂട്ടായി മാറുന്നതാണ്.

സംസ്ഥാന ഹരിത കേരള മിഷൻ വിഭാവനം ചെയ്ത മാലിന്യ മുക്ത നവകേരളം പദ്ധതിയുടെ ചുവട് പിടിച്ച് നമ്മൾ വിഭാവനം ചെയ്ത സുന്ദര പെരുനാട് പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളും നമ്മൾ അഭിമാനത്തോടെ മുന്നോട്ടു കൊണ്ടു പോകും

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അർഹരായവർക്ക് അടച്ചുറപ്പുള്ള വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇനിയും അവശേഷിക്കുന്നവരെയും നമ്മൾ ചേർത്ത് പിടിക്കുകയാണ്. ശേഷിക്കുന്ന ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്കായി ത്രിതല പഞ്ചായത്തുകളുകയും ധനകാര്യസ്ഥാപനങ്ങളുടെയും സഹരണത്തോടെ കോടി പത്ത് ലക്ഷം രൂപയും പട്ടികജാത വർഗ വിഭാഗങ്ങളിലെ ഗുണഭോക്താക്കൾക്കായി ഓരോ കോടി രൂപയുമാണ് നമ്മൾ വകയിരുത്തിയിരിക്കുന്നത്.

സൈക്കിൾ ഷെയറിംഗ് – (ഗ്രീൻ പെഡൽ പെരുനാട്)

പെരുനാട് ടൂറിസം വിപ്ലവം

പെരുനാടിന്റെ പ്രകൃതിഭംഗി സഞ്ചാരികൾക്ക് അടുത്തറിയാൻ പുതിയൊരു പദ്ധതി നാം ആവിഷ്കരിക്കുകയാണ് പരിസ്ഥിതി സൗഹൃദമായ ടൂറിസം ലക്ഷ്യമിട്ട് 'സൈക്കിൾ ഷെയറിംഗ്' പദ്ധതി ഞാൻ പ്രഖ്യാപിക്കുകയാണ്. നമ്മുടെ പെരുനാട് ചാലക്കയം കാനന പാതയിലൂടെ സൈക്കിൾ ചവിട്ടി പ്രകൃതിഭംഗി ആസ്വദിക്കാൻ സഞ്ചാരികളെ ക്ഷണിക്കുന്നതിലൂടെ പ്രാദേശിക വരുമാനം വർദ്ധിപ്പിക്കാനും യുവജനങ്ങൾക്ക് തൊഴിൽ നൽകാനും നമുക്ക് സാധിക്കും.

"നമ്മുടെ പഞ്ചായത്തിന്റെ വിനോദസഞ്ചാര മേഖലയിൽ മറ്റൊരു പുതിയ അധ്യായം കുറിച്ചുകൊണ്ട്, കക്കാട്ടാറ്റിലെ മാമ്പാറ–തൊണ്ടിക്കയം ഭാഗത്ത് ഹൈഡ്രൽ ടൂറിസം പദ്ധതി പ്രാവർത്തികമാക്കുകയാണ്. കെ.എസ്.ഇ.ബി.യുടെ ഡാം നിർമ്മാണം മൂലം ഒരു മനോഹര തടാകമായി മാറിയ ഈ പ്രദേശം

സഞ്ചാരികളുടെ പ്രിയപ്പെട്ട ഇടമായി മാറും എന്നതിൽ തർക്കമില്ല. പ്രകൃതിരമണീയമായ ഈ ജലാശയത്തിൽ കൂട്ടവഞ്ചി സവാരി ആരംഭിക്കുന്നതിനും, പ്രദേശത്തിന്റെ സൗന്ദര്യ വൽക്കരണത്തിനുമായി ഈ ബജറ്റിൽ 10 ലക്ഷം രൂപ നാം പ്രാഥമികമായി വകയിരുത്തുകയാണ്.

ഈ പദ്ധതിയിലൂടെ നാം ലക്ഷ്യമിടുന്നത്:

- ശാന്തമായ ജലാശയത്തിലൂടെയുള്ള സുരക്ഷിതമായ കൂട്ടവഞ്ചി യാത്ര.
- തീരപ്രദേശത്തെ ലാൻഡ്സ്കേപ്പിംഗും സഞ്ചാരികൾക്കായുള്ള ഇരിപ്പിടങ്ങളും.
- ശബരിമല തീർത്ഥാടകർക്കും വിനോദസഞ്ചാരികൾക്കും ഒരുപോലെ ആസ്വദിക്കാവുന്ന മികച്ചൊരു ഇടത്താവളം.

നമ്മുടെ നാടിന്റെ പ്രകൃതിസമ്പത്തിനെ സംരക്ഷിച്ചുകൊണ്ട് തന്നെ ടൂറിസത്തിലൂടെ വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വരും വർഷങ്ങളിൽ കൂടുതൽ ഫണ്ടുകൾ സമാഹരിച്ച് ഇതൊരു വൻകിട ടൂറിസം പദ്ധതിയാക്കി മാറ്റാൻ നാം പരിശ്രമിക്കും."

പെരുനാടിന് മഴവെള്ളം ഇനി കുടിവെള്ളം" –

ജലസമൃദ്ധമായ പെരുനാട് ആണെങ്കിലും വേനൽക്കാലം വരുമ്പോൾ വറ്റിപ്പോകുന്ന കിണറുകൾ നമ്മുടെ നാടിന്റെ വേദനയാണ്. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമായി തൊഴിലുറപ്പ് പദ്ധതിയിലൂടെ ആധുനിക രീതിയിലുള്ള 'വെൽ റീച്ചാർജിംഗ്' (Well Recharging) പദ്ധതിയും ഞാൻ പ്രഖ്യാപിക്കുകയാണ്. "മഴവെള്ളം

ഇനി പെരുനാടിന് കുടിവെള്ളം" എന്ന ഈ പദ്ധതിയിലൂടെ ആകാശത്തുനിന്ന് വീഴുന്ന ഓരോ തുള്ളി വെള്ളത്തെയും ഭൂമിയിലേക്ക് മടക്കി അയച്ച് നമ്മുടെ ഭൂഗർഭ ജലനിരപ്പ് ഉയർത്താനാണ് നമ്മൾ ലക്ഷ്യമിടുന്നത്.

"എന്റെ മണ്ണ് എനിക്ക് സ്വന്തം" – ഭൂനിയമ സഹായ പദ്ധതിയും ഞാൻ പ്രഖ്യാപിക്കുകയാണ്.

പല നിർദ്ധനരായ കുടുംബങ്ങളും നേരിടുന്ന വലിയൊരു പ്രതിസന്ധിയാണ് വർഷങ്ങൾക്ക് മുൻപ് മരണമടഞ്ഞ പിതാക്കന്മാരുടെയോ പ്രപിതാ മഹന്മാരുടെയോ പേരിൽ കിടക്കുന്ന ഭൂമി സ്വന്തം പേരിലാക്കാൻ കഴിയാത്ത സാഹചര്യം. നിയമക്കുരുക്കുകളിൽ പെട്ട് നിസ്സഹായരായി നിൽക്കുന്ന ഈ സാധുജനങ്ങളെ സഹായിക്കാൻ "എന്റെ മണ്ണ് എനിക്ക് സ്വന്തം" എന്ന പദ്ധതി ഞാൻ പ്രഖ്യാപിക്കുന്നു.

റവന്യൂ അധികൃതരുടെയും നിയമവിദഗ്ധരുടെയും സഹായത്തോടെ അർഹരായവർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ഉറപ്പാക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കും. സ്വന്തം മണ്ണിൽ അന്തിയുറങ്ങാനുള്ള അവകാശം ഓരോ പെരുനാട്ടുകാരന്റെയും അവകാശമാണ്.

ഈനാടിന്റെ ഹൃദയമിടിപ്പായ പാവപ്പെട്ടവന്റെയും പാർശ്വവൽക്കരിക്കപ്പെട്ടവന്റെയും കണ്ണുനീരൊപ്പുക എന്നതിനാണ് നാം മുൻഗണന നൽകുന്നത്. മഹാത്മാഗാന്ധിയുടെ വാക്കുകൾ കടമെടുത്താൽ, 'നിരയിലൊടുവിലത്തെ മനുഷ്യനും' നീതി ലഭ്യമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം.

പട്ടികജാതി–പട്ടികവർഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി വിപ്ലവകരമായ പദ്ധതികളാണ് നാം വിഭാവനം ചെയ്യുന്നത്. കേവലം അടച്ചുറപ്പുള്ള വീട് നൽകുന്ന ലൈഫ് പദ്ധതിക്ക് അപ്പുറം, കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിച്ച് ആധുനിക നിലവാരത്തിലേക്ക് ഉയർത്തുന്ന അംബേദ്കർ ഗ്രാമം പോലുള്ള പദ്ധതികൾ നാം ഈ പഞ്ചായത്തിൽ കാര്യക്ഷമമായി നടപ്പിലാക്കുകയാണ്. അരയാഞ്ഞിലിമൺ, കിസുമം കോളനികൾക്കായി ബഹു.എം.എൽ.എ അനുവദിച്ച് നൽകിയ 3.7.കോടി രൂപയുടെ വികസനമാണ് ഇവിടെ നടക്കാൻ പോകുന്നത്. ഒപ്പം ബഥനി പുതുവൽ കോളനിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 35 ലക്ഷം രൂപയുടെ ഐശ്വര്യ ഗ്രാമം പദ്ധതിക്കും നമുക്ക് അംഗീകാരം ലഭിച്ച വിവരം ഞാൻ സന്തോഷ പൂർവം അറിയിക്കട്ടെ!

ഈ അവസരത്തിൽ വികാരനിർഭരമായ ഒരു മാറ്റത്തെക്കുറിച്ച് കൂടി എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ശബരിമല വനത്തിനുള്ളിൽ മഞ്ഞത്തോട് ഭാഗത്ത് വനത്തിനുള്ളിൽ ഒറ്റപ്പെട്ടു കഴിഞ്ഞിരുന്ന നമ്മുടെ ആദിവാസി സഹോദരങ്ങളെ ശബരിമല കാനന പാതയ്ക്കരികിലേക്ക് കുറെ നാൾ മുമ്പ് ജില്ലാ ഭരണകൂടം മാറ്റി പാർപ്പിച്ചിരുന്നു. എന്നാൽ താത്കാലിക ഷെഡ്ഡുകളിൽ കഴിഞ്ഞിരുന്ന അവരുടെ ദുരിതാവസ്ഥയ്ക്ക് ശാശ്വത പരിഹാരം കാണാൻ സർക്കാരിനൊപ്പം ഒരു വലിയ മനുഷ്യസ്നേഹിയും കൈകോർത്തു എന്നത് നമുക്ക് അഭിമാനകരമാണ്.

ഡോ. എം.എസ്. സുനിൽ ടീച്ചറുടെ വലിയ മനസ്സിനെ ഈ സഭയിൽ ഞാൻ ആദരവോടെ സ്മരിക്കുകയാണ്. മഞ്ഞത്തോടുള്ള ആദിവാസി കുടുംബങ്ങൾക്കായി 20 വീടുകൾ സൗജന്യമായി നിർമ്മിച്ചു നൽകുന്ന ടീച്ചറുടെ സേവനം സമാനതകളില്ലാത്തതാണ്. ഭരണകൂടവും വ്യക്തികളും ഒത്തൊരുമിച്ചാൽ ഏതൊരു പ്രതിസന്ധിയും മറികടക്കാമെന്നതിന്റെ ഉത്തമ ഉദാഹരണമാണിത്. ടീച്ചറുടെ ഈ ഉദാത്തമായ പ്രവർത്തനത്തിന് പെരുനാട് ഗ്രാമപഞ്ചായത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും അഭിനന്ദനങ്ങളും ഞാൻ രേഖപ്പെടുത്തുന്നു.

ഈ കരുത്തോടെ, എല്ലാവരെയും ചേർത്തുപിടിച്ചുകൊണ്ടുള്ള ഒരു വികസന മാതൃകയാണ് ഈ ബജറ്റിലൂടെ നാം മുന്നോട്ടുവെക്കുന്നത്.

വികസനത്തെക്കുറിച്ച് സംസാരിക്കുമ്പോൾ നമ്മുടെ ഗ്രാമപഞ്ചായത്ത് ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായ മനുഷ്യ–വന്യജീവി സംഘർഷത്തെ വിസ്മരിച്ചുകൊണ്ട് നമുക്ക് മുന്നോട്ട് പോകാനാവില്ല. കാടിന്റെ അതിരുകൾ കാട്ടുമൃഗങ്ങൾക്ക് അറിയില്ലായിരിക്കാം, എന്നാൽ വനാതിർത്തിയിൽ അധ്വാനിച്ചു ജീവിക്കുന്ന ഓരോ കർഷകന്റെയും ഗ്രാമവാസിയുടെയും ഉറക്കം നഷ്ടപ്പെടുന്ന കാഴ്ച നാം നിത്യവും കാണുന്നതാണ്. കാട്ടിൽ തീറ്റയും വെള്ളവും കിട്ടാതെ വന്യജീവികൾ നാടിറങ്ങുമ്പോൾ, അത് വെറുമൊരു വാർത്തയല്ല, മറിച്ച് നമ്മുടെ ജനങ്ങളുടെ ജീവന്റെയും സ്വത്തിന്റെയും നിലനിൽപ്പിനായുള്ള പോരാട്ടമാണ്

.

ഈ ഗൗരവമേറിയ വിഷയം പരിഹരിക്കുന്നതിനായി നമ്മുടെ ബഹുമാനപ്പെട്ട എം.എൽ.എ (അഡ്വ. പ്രമോദ് നാരായൺ) നടത്തുന്ന ഇടപെടലുകൾ എടുത്തു പറയേണ്ടതാണ്. റാന്നി-പെരുനാടിനെ തന്റെ നെഞ്ചോട് ചേർത്തുപിടിച്ചുകൊണ്ട് വന്യജീവി ശല്യം ലഘൂകരിക്കാൻ അദ്ദേഹം നൽകുന്ന പിന്തുണ സമാനതകളില്ലാത്തതാണ്. ഇതിന്റെ ഭാഗമായി പ്ളാപ്പള്ളി - തുലാപ്പള്ളി മേഖലയിൽ സൗരോർജ വേലികൾ സ്ഥാപിക്കുന്നതിനായി തന്റെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 35 ലക്ഷം രൂപ അദ്ദേഹം അനുവദിച്ചത് നമ്മുടെ സുരക്ഷയോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയാണ് കാണിക്കുന്നത്."

"കൂടാതെ, ദീർഘവീക്ഷണത്തോടെയുള്ള മറ്റൊരു വലിയ പദ്ധതി കൂടി നമുക്ക് മുന്നിലുണ്ട്. രാഷ്ട്രീയ കൃഷി വിജ്ഞാൻ യോജന (RKVY) പദ്ധതിയിലൂടെ 2.9 കോടി രൂപയാണ് നമ്മുടെ മണ്ഡലത്തിലെ 4 പഞ്ചായത്തുകൾക്കായി അനുവദിക്കപ്പെട്ടിരിക്കുന്നത്. ഇതിൽ പെരുനാട് പഞ്ചായത്തിന് അർഹമായ വിഹിതം ലഭ്യമാക്കണമെന്ന് നാം ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് വന്യജീവി ശല്യം തടയാനുള്ള ശാസ്ത്രീയമായ പ്രതിരോധ സംവിധാനങ്ങൾ ഒരുക്കാൻ നമുക്ക് സാധിക്കും."

"നമ്മുടെ നാടിന്റെ വേദന തിരിച്ചറിഞ്ഞ്, കർഷകരുടെയും സാധാരണക്കാരുടെയും കണ്ണുനീരൊപ്പാൻ മുന്നിട്ടിറങ്ങിയ ബഹുമാനപ്പെട്ട എം.എൽ.എയ്ക്ക് ഈ സഭയുടെയും പെരുനാട് ഗ്രാമപഞ്ചായത്തിലെ ഓരോ ജനതയുടെയും പേരിൽ ഹൃദയത്തിന്റെ ഭാഷയിൽ ഞാൻ നന്ദി രേഖപ്പെടുത്തുന്നു.

ശബരിമലയുടെ പുണ്യഭൂമിയും വനസമ്പന്നവുമായ നമ്മുടെ ഗ്രാമത്തിൽ, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സമതുലിതാവസ്ഥ

നിലനിർത്തിക്കൊണ്ടുതന്നെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ ഈ ബജറ്റ് പ്രതിജ്ഞാബദ്ധമാണ്.

റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കേവലം ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം എന്നതിലുപരി വലിയൊരു ഉത്തരവാദിത്തം കൂടി നമുക്കുണ്ട്. അയ്യപ്പഭക്തരുടെ പുണ്യസങ്കേതമായ ശബരിമലയുടെ പ്രധാന കവാടമാണ് (Gateway of Sabarimala) നമ്മുടെ പെരുനാട്. ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നും എത്തുന്ന ലക്ഷക്കണക്കിന് തീർത്ഥാടകരെ സ്വീകരിക്കുന്ന ആതിഥേയർ എന്ന നിലയിൽ അവർക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുക എന്നത് നമ്മുടെ കടമയും നിയോഗവുമാണ്. ഈ ഒരു ലക്ഷ്യത്തോടെ, വരാനിരിക്കുന്ന സാമ്പത്തിക വർഷത്തിൽ ശബരിമല തീർത്ഥാടകർക്കായി വിപുലമായ പദ്ധതികളാണ് നാം വിഭാവനം ചെയ്യുന്നത്

അടിസ്ഥാന സൗകര്യ വികസനം:

തീർത്ഥാടക പാതകളിലെ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 25 ലക്ഷം രൂപയുടെയും ഇടത്താവളങ്ങളിൽ ആവശ്യമായ വിശ്രമ സൗകര്യങ്ങൾ ഒരുക്കുന്നതിനും നാം മുൻഗണന നൽകുന്നു.

രാത്രികാലങ്ങളിൽ കാൽനടയായും വാഹനങ്ങളിലും എത്തുന്ന ഭക്തരുടെ സുരക്ഷ ഉറപ്പാക്കാൻ തീർത്ഥാടക പാതകളിൽ പുതിയ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായി 20 ലക്ഷം രൂപയുടെയും മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി 15 ലക്ഷം രൂപയുടെയും പദ്ധതികളാണ് നമ്മൾ ആവിഷ്കരിച്ചിരിക്കുന്നത്. ശബരിമല തീർത്ഥാടകർക്കായി ഇരുളടഞ്ഞ കോണുകളില്ലാത്ത സുരക്ഷിതമായ ഒരു പാത നാം ഉറപ്പാക്കും.

കുളിക്കടവുകളുടെ നവീകരണം:

തീർത്ഥാടകർക്ക് ഏറെ പ്രധാനപ്പെട്ട കുളിക്കടവുകൾ ശാസ്ത്രീയമായി നവീകരിക്കുകയും അവിടെ ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുകയും ചെയ്യും. ഇതിനായി സംസ്ഥാന ചെറുകിട ജല സേചന വകുപ്പും നമ്മൾക്കൊപ്പം കൈകോർക്കും .

പമ്പയുടെയും കക്കട്ടാറിന്റെയും തീരത്തുള്ള നമ്മുടെ ഈ ഗ്രാമപഞ്ചായത്ത് അയ്യപ്പഭക്തർക്ക് എന്നും ഒരു ആശ്രയമായിരിക്കണം.

ഉപസംഹാരം

നമ്മുടെ മുൻഗാമികൾ തുടക്കം കുറിച്ച പ്രവർത്തികളുടെ മാധുര്യം നമ്മൾ ഇപ്പോൾ നുണയുന്നു. നമ്മൾ ആവിഷ്കരിക്കുന്ന പദ്ധതികൾ മധുരതരമായി അനുഭവപ്പെടണമെങ്കിൽ ഈ പ്രഖ്യാപനങ്ങൾ കടലാസിൽ ഒതുക്കാതെ പ്രാവർത്തികമാക്കാൻ നമുക്ക് കഴിയണം. ഇച്ഛാശക്തിയോടും ഒരുമയോടും പ്രവർത്തിച്ചാൽ നമുക്ക് ഇതെല്ലാം യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നെനിക്കുറപ്പുണ്ട്. എല്ലാ പക്ഷികളും മഴയെത്തുമ്പോൾ ചേക്കച്ചില്ലകളിലേക്ക് ചിറകടിക്കുന്നു. എന്നാൽ പരുന്ത് മാത്രം മഴയെ തെല്ലും വകവയ്ക്കാതെ മേഘമേലാപ്പിന് ഇടയിലൂടെ മുകളിലേക്ക് ചിറകടിക്കുന്നു. മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ വാക്കുകകളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് എല്ലാ പ്രതിസന്ധികളെയും നമുക്ക് തരണം ചെയ്ത് എല്ലാ ഋതുക്കളെയും വസന്തമാക്കി നമുക്ക് മുന്നേറാം.

തനത് ഫണ്ട് വരുമാനം കാര്യക്ഷമമായി ഉപയോഗപ്പെടുത്തിയും പരമാവധി കേന്ദ്ര-സംസ്ഥാന ഗ്രാന്റുകളും എം.പി, എം.എൽ എ മാരുടെ പ്രാദേശിക വികസന ഫണ്ടുകളും ലഭ്യമാക്കാൻ പരിശ്രമിച്ച്

അത് നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിന്റെ ഭാഗമാക്കിയും നമുക്ക് നമ്മൾ രൂപപ്പെടുത്തിയിരിക്കുന്ന വികസന സംസ്കാരം തുടരാം.

സമയബന്ധിതമായി നികുതികൾ വസൂലാക്കിയും പുതിയ ധനശ്രോതസുകൾ കണ്ടെത്തിയും നിയമപരമായി പഞ്ചായത്തിന് ലഭിക്കേണ്ട എല്ലാ മാർഗവും പരമാവധി പ്രയോജനപ്പെടുത്തി സാമ്പത്തിക ഭദ്രത കൈവരിക്കുകയും ചെയ്യാം.

പഞ്ചായത്ത് നടപ്പാക്കുന്ന വികസന പദ്ധതികൾ ജനഹൃദയങ്ങളിലേക്ക് എത്തിക്കുന്നതിനും നമ്മുടെ പ്രവർത്തിയിലെ ശരി തെറ്റുകൾ ചൂണ്ടിക്കാട്ടി ദിശാബോധത്തോടെ നയിക്കുന്നതിനുമുള്ള ക്രിയാത്മകമായ സഹകരണം നൽകികൊണ്ടിരിക്കുന്ന പത്ര–ദൃശ്യമാധ്യമ സുഹൃത്തുക്കളോടും സർവ്വോപരി റാന്നി– പെരുനാട് പഞ്ചായത്ത് നിവാസികൾക്കും നന്ദി രേഖപ്പെടുത്തുന്നതിനോടൊപ്പം തന്നെ പഞ്ചായത്തിന്റെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി തുടർന്നും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

തീരുമാനങ്ങൾ നടപ്പിലായില്ലെങ്കിൽ അത് കേവലം സ്വപ്നങ്ങൾ മാത്രമായി അവശേഷിക്കും. ഈ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ സമയബന്ധിതമായും ഗുണപരമായും നടപ്പാക്കുന്നതിനായി അക്ഷീണം യത്നിക്കുന്ന പ്രിയ സെക്രട്ടറി ശ്രീമതി രശ്മി എം. എൽ നോടും ജീവനക്കാരോടും ഞാൻ ഈ സമയം ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.

ഈ ബജറ്റ് തയ്യാറാക്കുന്നതിനായി ആത്മാർത്ഥമായി സഹകരിക്കുകയും ഭൗതിക സാഹചര്യങ്ങൾ ഒരുക്കി തരികയും ചെയ്ത ബഹു. പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി ഗിരിജാ മധുവിനോടുള്ള നന്ദി ഈ അവസരത്തിൽ ഞാൻ രേഖപ്പെടുത്തുന്നു. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ ലക്ഷ്യ പ്രാപ്തിയിലെത്തിക്കാൻ ഭരണസമിതിയോട് സഹകരിച്ച് വരുന്ന എല്ലാ നിർവഹണ ഉദ്യോഗസ്ഥർക്കും ഞാൻ നന്ദി രേഖപ്പെടുത്തുന്നു.

കൂടാതെ സുതാര്യവും സമസ്തമേഖലകളിലും വികസന ലക്ഷ്യമാക്കിയുള്ള ബജറ്റ് അവതരിപ്പിക്കാൻ സഹായിച്ച സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ മാരായ ശ്രീമതി രജനി ബാലൻ, ശ്രീമതി നീന സുരേഷ്, ശ്രീ.പി.കെ അനിൽകുമാർ പ്രിയ സഹപ്രവർത്തകരായ ശ്രീ.കെ.റ്റി സജി, ശ്രീമതി. ഡെയ്സി.റ്റി.റ്റി, ശ്രീമതി. അനിത.പി.ജോസ്, ശ്രീ. രതീഷ് മോൻ.കെ, ശ്രീമതി.രജനിമോൾ, ശ്രീ. പി.എസ്.ഉത്തമൻ, ശ്രീ.സുരേഷ് ബാബു, ശ്രീമതി.ഐശ്വര്യ സന്തോഷ്, ശ്രീമതി.സജിതാ മനോജ്, ശ്രീ.അരുൺ അനിരുദ്ധൻ, ശ്രീ.സതീഷ് മോൻ.കെ, അസി. സെക്രട്ടറി ശ്രീ. കൃഷ്ണകുമാർ.കെ.ജെ, ജൂനിയർ സൂപ്രണ്ട് ശ്രീമതി. രാജശ്രീ.ജി, അക്കൗണ്ടൻറ് ശ്രീമതി. മിനി.എം.മാധവൻ, എന്നിവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

ബജറ്റ് രൂപീകരണ പ്രക്രിയയിൽ എന്നെ സഹായിച്ച പ്ളാൻ ക്ളർക്ക് ശ്രീ. ഷാനലാൽ.എ, പ്രോജക്ട് അസിസ്റ്റന്റ് കുമാരി വർഷ വാസവ്, ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീ. അനൂപ്കുമാർ.പി, അക്കൌണ്ടന്റ് കം ഐ.റ്റി. എക്സ്പേർട്ട് ശ്രീമതി. ശ്രീലക്ഷ്മി.സി എന്നിവരോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊണ്ട് റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിന്റെ 2026-27 വാർഷിക ബജറ്റ് ഭരണസമിതി അംഗങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

നന്ദി

(ഒപ്പ്)

രാജം റ്റി.ആർ

(വൈസ് പ്രസിഡന്റ്

റാന്നി – പെരുനാട് ഗ്രാമ പഞ്ചായത്ത്)

Ranni Perunad Grama Panchayat

Report: Form 1				
From Date: 2026-2027 NEW BUDGET				
S No	**HEAD OF ACCOUNTS**	**ACTUALS FOR THE PREVIOUS YEAR**	**BUDGET FOR 2025-2026**	**BUDGET FOR 2026-2027**
	Opening Balance		45997986	22881901
	Revenue Receipt - 1			
	Tax Revenues - 110			
1	1100101 Property Tax (General)		8500000	8500000
2	1100102 Service Cess u/rule 26		2980000	3000000
3	1101001 Profession Tax – Employees		1800000	2000000
4	1101002 Profession Tax - Traders/ Institutions		700000	1000000
	Total Tax Revenues		13980000	14500000
	Fees and User Charges - 140			
5	1401101 License Fees for IFTEOS		1700000	2000000
6	1401203 Permit Application fee		900000	1500000
7	1401301 Fees for Birth & Death Certificate		0	35000
8	1401302 Fees for Delayed Registration - Birth & Death		4000	20000

9	1401304 Fee for Marriage Registration		2000	10000
10	1401399 Fees for Other Certificates or Extracts		15000	25000
11	1402001 Penal Interest		800000	500000
12	1402003 Other Penalities and Fines		0	1400000
13	1404099 Other Fees		900000	600000
	Total Fees and User Charges		4321000	6090000
	Sale and Hire Charges - 150			
14	1501099 Receipts from Sale of Other Products		700000	1000000
15	1501101 Receipts from Sale of Forms		500000	700000
16	1501202 Receipts from Sale of Scrap		700000	1000000
17	1501203 Receipts from auction of obsolete assets		0	8000000
	Total Sale and Hire Charges		1900000	10700000
	Revenue Grants, Contributions and Subsidies - 160			
18	1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers		5225600	8500000
19	1601012 Fund for Transferred Functions/ Schemes - Widow Pension		20785200	25000000
20	1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50		396000	600000
21	1601014 Fund for Transferred Functions/ Schemes - Pension for Differentially Abled		6766000	7000000
22	1601018 Fund for Transferred Functions/ Schemes - Old Age Pension		49459800	60000000
23	1601023 General Purpose Fund		13075692	18891000

24	1601080 Fund for Transferred Functions/ Schemes - Sthree Suraksha Scheme		0	12500000
	Total Revenue Grants, Contributions and Subsidies		95708292	132491000
	Interest Earned - 171			
25	1711001 Interest from Bank Accounts		150000	300000
26	1718099 Other Interest		200000	200000
	Total Interest Earned		350000	500000
	Rental Income - LB Properties - 130			
27	1301009 Rent from Auditorium and Halls		93000	500000
28	1302003 Rent from Buildings		1000000	1000000
	Total Rental Income		1093000	1500000
	Total Revenue Receipt		117352292	165781000
	Capital Receipt - 2			
	Grants, Contribution for Specific Purposes - 320			
29	3201001 Grants for Specific Purposes - Health Grant towards conversion of PHCs and Subcentres into Health and Wellness Centres		5712000	600000
30	3201002 Grants for Specific Purposes - Health Grant Towards support for diagnostic InfraStructure to the PHCs		211000	700000
31	3201003 Grants for Specific Purposes - Health Grant towards buildingless Subcentres, PHCs and CHCs		0	7500000
32	3201004 Central Finance Commission Grant - Tied		6526000	7500000
33	3201005 Central Finance Commission Grant - Untied		4751000	6000000

34	3201020 Integrated Child Development Service		3510400	3500000
35	3201029 Swaccha Bharat Mission - Solid Waste Management		100000000	80000000
36	3201044 Mahatma Gandhi National Rural Employment Scheme (MGNREGS)		27759000	37500000
37	3201056 Special Grants		30000000	0
38	3202001 Development Fund - General		30588566	36169000
39	3202002 Development Fund - Special Component Plan		12764296	8201000
40	3202003 Development Fund - Tribal Sub-Plan		4832226	3789000
41	3202006 Development Fund- Special Grant		3827000	3900000
42	3202008 Development Fund - Sabarimala Grant		2327000	4500000
43	3202009 Maintenance Fund - Road Assets		13678487	29453000
44	3202010 Maintenance Fund - Non-Road Assets		8609200	6740000
45	3202021 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Life Mission		4200000	5000000
46	3202037 Other Revenue Grants		295061	0
47	3209001 Contribution to Joint Venture Projects from District Panchayat		21250000	21250000
48	3209002 Contribution to Joint Venture Projects from Block Panchayat		16220000	16220000
	Total Grants, Contribution for Specific Purposes		297061236	278522000
	Secured Loans - 330			
49	3305002 Loan from Financial Institutions		1942000	15800000
	Total Secured Loans		1942000	15800000
	Deposits Received - 340			

50	3401001 Earnest Money Deposit		0	500000
51	3401002 Security Deposit		0	400000
52	3401003 Retention		0	800000
53	3402001 Rent Deposit		0	400000
54	3402006 Election Deposit(Candidate)		0	300000
	Total Deposits Received		0	2400000
	Loans, Advances and Deposits - 460			
55	4601001 Festival Advance to Employees		170000	400000
56	4605005 Advance to Mahatma Gandhi NREGS/ AUEGS		0	2000000
	Total Loans, Advances and Deposits		170000	2400000
	Total Capital Receipt		299173236	299122000
	Revenue Expenditure - 3			
	Establishment Expenses - 210			
57	2101001 Salaries -Secretary		1857274	1600000
58	2101003 Salaries - Permanent Staff		13200000	13000000
59	2101006 Salaries - Full time Contingent Staff		500000	1000000
60	2101101 Wages		3000000	2000000
61	2101201 Bonus		85000	100000
62	2102001 Travelling Allowances - Secretary		60000	60000
63	2102003 Travelling Allowances - Permanent Staff		222000	350000

64	2102005 Travelling Allowances - Contingent Staff		8000	15000
65	2102014 Monthly Honorarium and Sitting Allowance -Councillors/ Members		300000	2200000
66	2102016 Other Benefits and Allowances		125000	200000
67	2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members		25000	200000
68	2103001 Employer's Contribution to Pension Fund - Regular Employees		100000	1500000
	Total Establishment Expenses		19482274	22225000
	Administrative Expenses - 220			
69	2201003 Other Taxes/ Duties		425000	200000
70	2201101 Office Electricity Expenses		1700000	2200000
71	2201102 Water Charges - Office		75000	150000
72	2201201 Telephone Expenses/ Internet Charges		140000	175000
73	2201202 Postage Expenses		70000	100000
74	2202001 Books & Periodicals		25000	50000
75	2202101 Printing & Stationery		500000	800000
76	2206101 Membership & Subscriptions		30000	90000
77	2208099 Miscellaneous Administration Expenses		2600000	4300000
	Total Administrative Expenses		5565000	8065000
	Operation and Maintenance - 230			
78	2301002 Fuel Charges		1200000	1600000
79	2305301 Repairs & Maintenance - Vehicles		400000	700000

80	2308201 Refreshment Charges		100000	400000
	Total Operation and Maintenance		1700000	2700000
	Programe Expenses - 250			
81	2501001 Election Expenses		0	300000
82	2502001 Expenditure on Poverty Eradication Program		27759000	37500000
	Total Programe Expenses		27759000	37800000
	Expenses Related to Productive Sector - 251			
83	2510102 Agriculture - Coconut		685904	0
84	2510104 Agriculture - Vegetables		1040364	0
85	2510105 Agriculture - Plaintane		500000	0
86	2510107 Agriculture - Fruits and Fruit Trees		1463248	0
87	2510110 Agriculture - Floriculture		365625	0
88	2510111 Agriculture - Ginger		900000	0
89	2510112 Agriculture - Pepper		266600	0
90	2510115 Agriculture - Apiculture		23800	0
91	2510123 Agriculture Products/ Local Products		100000	0
92	2510132 Agriculture Related Facilities		3341920	0
93	2510136 Agrarian Disease		100357	0
94	2510201 Animal Husbandry - Cow		2720000	0
95	2510209 Animal Husbandry - Infrastructure		200000	0

96	2510305 Dairy Development - Milk Incentives		2150000	0
97	2510404 Inland -Pisciculture		110000	0
98	2510613 Service Enterprises		100000	0
99	2510804 Environment Conservation		957901	0
100	2510805 Afforestation		50000	0
101	2511201 Skill Development		600000	0
102	2511301 Self Employment and Marketing Promotion		1334494	0
	Total Expenses Related to Productive Sector		17010213	0
	Expenses Related to Service Sector - 252			
103	2520102 Primary Education		820000	0
104	2520107 Education-Related Activities		6051600	0
105	2520111 Contribution towards SSA		200000	0
106	2520201 Continuing Education		200000	0
107	2520503 Arts,Culture,Sports and Youth Welfare-Promotion		965000	0
108	2520602 Health related Programs		858000	0
109	2520618 Medical Institution - Allopathy		2632616	0
110	2520619 Medical Institution - Ayurvedic		850000	0
111	2520620 Medical Institution - Homoeo		100000	0
112	2520701 Drinking Water - Individual		736340	0
113	2520702 Drinking Water - Public		5116500	0

114	2520801 Housing & House Electrification - Individual		100171000	0
115	2520902 Child Welfare Program		1115000	0
116	2520903 Women Welfare		1253000	0
117	2520904 Welfare of the Aged		601200	0
118	2520905 Welfare Programs for the Destitute		725000	0
119	2520906 Welfare Programs for Physically/ Mentally Challenged		1200000	0
120	2520908 Social Security Programme		924690	0
121	2521001 Anganwadi Nutrition		2891000	0
122	2521102 Anganwadi Related Services		2000	0
123	2521201 Vocational Capacity Building - Vocational Training		6500	0
124	2521203 Vocational Capacity Building - Related Activities		4000	0
125	2521401 Electricity Line Extension		1161431	0
126	2521402 Electricity Line - Transformer - Voltage Improvement		60000	0
127	2521601 Local Government Service Delivery Improvement		1100000	0
128	2521602 Payments to IKM		803258	0
129	2521701 Allied Institution Service Delivery Improvement		647142	0
130	2521903 Public Sanitation - Related Activities		1999262	0
131	2521904 Toilet (Individual)		2190000	0
132	2522001 Plan Formulation, Implementation and Monitoring		50000	0
133	2522201 Disaster Management - Related Services		150000	0

134	2522303 Solid Waste Management - Preparatory Activities		15000	0
135	2522304 Solid Waste Management - Classification		90115	0
136	2522305 Solid Waste Management - Collection and Transportation		1053490	0
137	2522312 Solid Waste Management - Monitoring		47651	0
138	2522314 Solid Waste Management - Processing Individual		5237003	0
139	2523201 Information and Knowledge Dissemination Capacity Development		4091	0
	Total Expenses Related to Service Sector		142031889	0
	Expenses Related to Infrastructure Sector - 253			
140	2530101 Street Lights		700000	0
141	2530201 Roads		1298061	0
142	2530208 Bus Stand		500000	0
143	2530302 Public Buildings - Other Buildings		500000	0
144	2530501 Vehicle Rent for Engineering Wing		200000	0
	Total Expenses Related to Infrastructure Sector		3198061	0
	Expenses related to State Sponsored Schemes - 254			
145	2540102 Grant in aid to voluntary organisations/ institutions running homes for Differentially Abled person		6766000	7000000
146	2540111 Programmes/ Expenditures of Transferred Functions/ Schemes - Pension for Agricultural Workers/ Labour		5225600	8500000
147	2540113 Programmes/ Expenditures of Transferred Functions/ Schemes - Widow Pension		20785200	25000000

148	2540114 Programmes/ Expenditures of Transferred Functions/ Schemes - Pension for Unmarried women aged above 50		396000	600000
149	2540118 Programmes/ Expenditures of Transferred Functions/ Schemes - Old Age Pension		49459800	60000000
150	2540138 Programmes/ Expenditures of Transferred Functions/ Schemes - Sthree Suraksha Scheme		0	12500000
	Total Expenses related to State Sponsored Schemes		82632600	113600000
	Prior Period Items - 280			
151	2808001 Prior Period Expenses		0	200000
	Total Prior Period Items		0	200000
	Total Revenue Expenditure		299379037	184590000
	Capital Expenditure - 4			
	Refund of Deposits - 340			
152	3401001 Earnest Money Deposit		0	500000
153	3401002 Security Deposit		0	400000
154	3401003 Retention		0	800000
155	3402001 Rent Deposit		0	400000
156	3402006 Election Deposit(Candidate)		0	300000
	Total Refund of Deposits		0	2400000
	Payment of Recoveries - 350			
157	3501116 Pension Contribution Payable		150000	0
158	3501301 Employers Liabilities - Pension Contribution (NPS)		500000	0

159	3502002 Recoveries Payable - Kerala Panchayat Employees Provident Fund		1300000	0
160	3502003 Recoveries Payable - Subscription to Provident Fund for Municipal Regular employees		100000	0
161	3502006 Recoveries Payable - Insurance Premium		100000	0
162	3502010 Recoveries Payable - Dues to other LSGIs		30000	0
163	3502012 Recoveries Payable - State Life Insurance		200000	0
164	3502014 Recoveries Payable - Group Insurance		160000	0
165	3502020 Recoveries Payable - Employee Share NPS		500000	0
166	3502022 Recoveries Payable -Medisep -Regular		130000	0
167	3502026 Recoveries Payable - Kerala Construction Workers Welfare Fund		100000	0
168	3503001 Government and Other Dues Payable - Library Cess Payable		250000	0
169	3503006 Government and Other Dues Payable-TDS - SGST		50000	0
170	3503008 Government and Other Dues Payable - CGST		100000	0
171	3503009 Government and Other Dues Payable - SGST		150000	0
172	3503011 Government and Other Dues Payable - TCS - Income Tax		200000	0
173	3504010 Refund Payable - Other Fees		300000	0
174	3504099 Refund Payable - Others		817767	0
	Total Payment of Recoveries		5137767	0
	Fixed Assets - 410			
175	4102002 Administrative Buildings		3001000	0

176	4102005 Hospital Buildings		5550000	0
177	4102011 Public Comfort Stations		1300000	0
178	4102016 Other Buildings		3616600	0
179	4102019 Free Style Open Gym		200000	0
180	4103001 Concrete Roads		5731431	0
181	4103004 Footpath		374709	0
182	4103012 Side Walls		517934	0
183	4103099 Other Constructions		406105	0
184	4103302 Street Light		5368262	0
185	4104001 Plant & Machinery		100000000	0
186	4105001 Vehicles		200000	0
187	4106002 Computers, Printers & Peripherals		994537	0
188	4107001 Furniture, Fixtures, Fittings & Electrical Appliances		1192000	0
189	4108001 Other Fixed Assets		4070381	0
	Total Fixed Assets		132522959	0
	Stock in Hand - 430			
190	4301002 Purchase of Material - Stores		31850	0
	Total Stock in Hand		31850	0
	Loans, Advances and Deposits - 460			
191	4601001 Festival Advance to Employees		170000	400000

192	4605005 Advance to Mahatma Gandhi NREGS/ AUEGS		1800000	2000000
193	4605008 Revolving Fund		600000	0
	Total Loans, Advances and Deposits		2570000	2400000
	Total Capital Expenditure		140262576	4800000
	Total Expenditure		439641613	189390000
	Total Receipts		416525528	464903000
	Balance		**22881901**	**298394901**
	PROJECT EXPENDITURE			**270000000**
	CLOSING BALANCE			**28394901**